ഭരണഭാഷ - മാതൃഭാഷ

ICDS/A9-16888/2021

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 13-12-2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## പരിപത്രം

വിഷയം : വനിത ശിശുവികസന വകുപ്പ് - ഐ.സി.ഡി.എസ് - അങ്കണവാടി കെട്ടിട നിർമ്മാണം - കുട്ടികളുടെ സുരക്ഷയും, ബാലസൗഹൃദ അന്തരീക്ഷവും ഉറപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന : കേരള സംസ്ഥാന ബാലാവകാശ കമ്മിഷന്റെ 22.04.2021 ലെ സി. ആർ.എം.പി നം. 5067/14/LA2/2020/Ke SCPCR നമ്പർ ഉത്തരവ്.

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള അങ്കണവാടികളുടെ മേൽനോട്ടം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുള്ളതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് തെരെഞ്ഞെടുക്കുന്ന സ്ഥലത്തെ സംബന്ധിച്ചും, കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ പോരായ്മകളെ സംബന്ധിച്ചും ധാരാളം പരാതികൾ ഉയർന്നുവരാറുണ്ട്.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണെങ്കിലും അങ്കണവാടികളിൽ എത്തിച്ചേരുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ വകുപ്പുതല ഉദ്യോഗസ്ഥർക്ക് ബാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ചുവടെ പറയുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

(1) അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലം റവന്യൂ രേഖകൾ പ്രകാരം വകുപ്പിന്റേയോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാനത്തിന്റേയോ പേരിലാണെന്ന്

ഉറപ്പാക്കേണ്ടതാണ്.

(2) കെട്ടിട നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകുമ്പോൾ തന്നെ, സി.ഡി.പി.ഒ/സൂപ്പർവൈസർ നേരിട്ട് സ്ഥലം സന്ദർശിച്ച് ലഭ്യമായ സ്ഥലം കെട്ടിട നിർമ്മാണത്തിനനുയോജ്യമാണെന്ന് ഉറപ്പ വരുത്തേണ്ടതാണ്. ലഭ്യമായ സ്ഥലം കെട്ടിട നിർമ്മാണത്തിനനുയോജ്യമല്ലെങ്കിൽ നിർമ്മാണം അനുമതിയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ പാടുള്ളതല്ല.

(3) വഴി സൗകര്യമുള്ളതും, സുഗമമായി എത്തിച്ചേരുവാൻ കഴിയുന്നതുമായ സ്ഥലത്തായിരിക്കണം അങ്കണവാടി കെട്ടിടം നിർമ്മിക്കേണ്ടത്.

(4) അപകടകരമായ മലനിരകൾ, കുന്നിൻപ്രദേശങ്ങൾ, ചതുപ്പ് പ്രദേശങ്ങൾ, പ്രളയ സാധ്യതാ മേഖലകൾ, മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങൾ, മണ്ണ്/മണൽഖനനം മൂലം രൂപപ്പെട്ട ഗർത്തങ്ങൾ, ക്വാറികൾ, ജലാശയങ്ങൾ എന്നിവയ്ക്ക് സമീപം അങ്കണവാടി കെട്ടിടം നിർമ്മിക്കുവാൻ പാടുള്ളതല്ല.

(5) നെൽവയൽ, പുറമ്പോക്ക് ഭൂമി, തണ്ണീർത്തടങ്ങൾ, വനഭൂമി എന്നീ പ്രദേശങ്ങളിൽ അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി സ്ഥലം ലഭ്യമാകുന്ന പക്ഷം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതി പത്രം ലഭ്യമായതിനുശേഷം മാത്രമേ കെട്ടിടനിർമ്മാണത്തിന് അനുമതി തേടി പ്രൊപ്പോസൽ സമർപ്പിക്കുവാൻ പാടുള്ളൂ.

(6) പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ശിശുസൗഹൃദ അന്തരീക്ഷം നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.

(7) അങ്കണവാടി കെട്ടിടങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്ന നടപടിയും സ്വീകരിക്കേണ്ടതാണ്.

(8) ശുദ്ധമായ വായു, വെളിച്ചം എന്നിവ ലഭ്യമാകുന്ന തരത്തിലാണ് കെട്ടിടം നിർമ്മിക്കുന്നത് എന്ന് സി.ഡി.പി.ഒ/സൂപ്പർവൈസർ ഉറപ്പുവരുത്തേണ്ടതാണ്.

(9) സി.ഡി.പി.ഒ മാർ സ്ഥലം പരിശോധന നടത്തുന്ന വേളയിൽ സുരക്ഷാ ഭീഷണികൾ

ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, പ്രോഗ്രാം ഓഫീസർ എന്നിവർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(10) കെട്ടിട നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകുമ്പോൾ ലഭ്യമായ സ്ഥലം പരിശോധിച്ച് കെട്ടിട നിർമ്മാണത്തിനനുയോജ്യമാണെന്ന സി.ഡി.പി.ഒ റിപ്പോർട്ട്, LSGD വിഹിതം വകയിരുത്തിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനം എന്നിവ സഹിതമായിരിക്കണം നിർമ്മാണാനുമതിയ്ക്കായി പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടത്. വകുപ്പിൽ നിന്നും നിർമ്മാണാനുമതി നൽകിയിരുന്ന ഏതെങ്കിലും അങ്കണവാടികൾക്ക് മറ്റു ഫണ്ടുപയോഗിച്ച് നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിൽ വകുപ്പിൽ നിന്നും നൽകിയ അനുമതി റദ്ദ് ചെയ്യുന്നതിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ PO/CDPO കാലതാമസം വരുത്തുവാൻ പാടുള്ളതല്ല. റദ്ദ് ചെയ്യുന്ന അങ്കണവാടികൾക്കു പകരം സ്ഥലം ലഭ്യമായ മറ്റ് അങ്കണവാടികളെ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസലുകൾ ലഭ്യമാക്കാവുന്നതാണ്.

(11) സി.ഡി.പി.ഒ, സൂപ്പർവൈസർമാർ കെട്ടിടനിർമ്മാണം കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതും നിർമ്മാണ പുരോഗതി വിലയിരുത്തേണ്ടതുമാണ്. അപാകതകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് പ്രോഗ്രാം ഓഫീസർ/ ജില്ലാ വനിത ശിശുവികസന ഓഫീസർ മാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(12) അങ്കണവാടി കെട്ടിടങ്ങൾക്ക് LSGD AE മുഖാന്തിരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും, അൺഫിറ്റ് ആണെങ്കിൽ ആ കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല.

(13) അങ്കണവാടികൾ പ്രവർത്തിപ്പിക്കുന്നതിന് കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുമ്പോഴും കെട്ടിടവും പരിസരവും സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(14) ഓലമേഞ്ഞ കെട്ടിടങ്ങൾ, ആസ്ബസ്റ്റോസ് ഷീറ്റുകൾ പാകിയ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിച്ചുവരുന്നുവെങ്കിൽ ഇത്തരം അങ്കണവാടികൾ കൂടുതൽ

സൗകര്യപ്രദമായും സുരക്ഷിതവുമായ കെട്ടിടങ്ങളിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്.

(15) നിർമ്മാണ പുരോഗതി സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് പ്രോഗ്രാം ഓഫീസർമാർ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

(16) പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച് സി.ഡി.പി.ഒ മാർ റിപ്പോർട്ട് ചെയ്യുന്ന മുറക്ക് സ്ഥലം സന്ദർശിച്ച് പ്രോഗ്രാം ഓഫീസർമാർ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

(17) ജില്ലാതല പ്രതിമാസ റിവ്യൂ മീറ്റിംഗിൽ പ്രോഗ്രാം ഓഫീസർമാർ കെട്ടിടനിർമ്മാണ പുരോഗതി വിലയിരുത്തേണ്ടതാണ്.

(18) ഓരോ ഐ.സി.ഡി.എസ് പ്രോജക്ടുകളിലും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി നൽകിയ അങ്കണവാടികളുടെ നിർമ്മാണ പുരോഗതി രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ തയ്യാറാക്കി സി.ഡി.പി.ഒ മാർ വിശദാംശങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

വനിത ശിശുവികസന ഡയറക്ടർക്കു വേണ്ടി

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ് : സ്റ്റോക്ക് ഫയൽ& സ്പെയർ